Page 1 of 2

21. കേരളത്തിലേയ്ക്കും പുറത്തേയ്ക്കും യാത്ര ചെയ്യുന്നവർ 48 മണിക്കൂറിനുള്ളിലുള്ള നെഗറ്റീവ് RTPCR റിസൾട്ട് ആരോഗ്യജാഗ്രതാ പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

22. കോവിഡ്-19 വൈറസിന്റെ ജനിതകമാറ്റം വന്ന വകഭേദങ്ങൾ കണ്ടെത്തുന്നതിന് ജീനോമിക് സ്വീക്വൻസിംഗ് നടത്തുന്നതിനുവേണ്ട സജ്ജീകരണങ്ങൾ IGIB വഴി ഏർപ്പെടുത്തിയിട്ടുണ്ട്.

23. കേരളത്തിലെ 1200-ൽ അധികം സർക്കാർ വാക്സിനേഷൻ സെന്ററുകൾ വഴി കോവിഡ് വാക്സിൻ നൽകിവരുന്നു. കോവിഡ് വാക്സിൻ കൂടുതൽ ആളുകൾക്ക് നൽകുന്നതുവഴി കോവിഡിന്റെ മൂന്നാംതരംഗം നിയന്ത്രിക്കുന്നതിന് സാധിക്കും. കൂടാതെ കോവിഡ് വാക്സിനേഷൻ ലഭിച്ചവരിൽ കോവിഡ് വന്നാലും ഗുരുതരമായ അവസ്ഥയിലേയ്ക്ക് പോകുന്നതിനുള്ള സാദ്ധ്യത കുറവാണ്.

24. കോവിഡ് നിയന്ത്രണ പ്രവർത്തനങ്ങൾക്കായി എൻ.എച്ച്.എം. നിയോഗിച്ച അധിക സ്റ്റാഫിന്റെ വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) സ്വകാര്യ ആശുപത്രികളെ കോവിഡ് ചികിത്സയിൽ പങ്കാളികളാക്കുന്നതിൽ വിജയിച്ചിരുന്നോയെന്നും അതോടൊപ്പം സ്വകാര്യ ആശുപത്രികളിലെ ചികിത്സാ നിരക്ക് യുക്തമായി നിശ്ചയിച്ച് സാധാരണക്കാർക്കും ചികിത്സ ലഭ്യമാകാനുള്ള സാഹചര്യം സൃഷ്ടിക്കാനായോയെന്നും വ്യക്തമാക്കാമോ?

സ്റ്റേറ്റ് ഹെൽത്ത് ഏജൻസിവഴി KASP-ൽ ഉൾപ്പെട്ടിട്ടുള്ള രോഗികൾക്കും സർക്കാർ റഫർ ചെയ്യുന്ന രോഗികൾക്കും KASP-ൽ എംപാനൽ ചെയ്ത ആശുപത്രികളിൽ സൗജന്യ ചികിത്സ ഉറപ്പാക്കി. കൂടാതെ കോവിഡ് ചികിത്സയ്ക്ക് 50 ശതമാനം ബെഡ്ഡുകൾ സ്വകാര്യ ആശുപത്രികളിൽ മാറ്റിവയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുകയും സാധാരണ ജനങ്ങൾക്ക് സ്വകാര്യ ആശുപത്രികളിൽ മിതമായ നിരക്കിൽ കോവിഡ് ചികിത്സ ഉറപ്പാക്കുന്നതിനായി സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാനിരക്ക് നിശ്ചയിച്ച് ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്.

കണ്ണൂർ മെഡിക്കൽ കോളേജ് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി

249 (1615) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിലെ കെട്ടിടങ്ങൾ അറ്റകുറ്റപ്പണി ചെയ്യുന്നതിന് കിഫ്ബിയിൽനിന്നും 29 കോടി രൂപയുടെ ധനകാര്യ അനുമതി ലഭിച്ചുവെങ്കിലും ഇതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്തതിനാൽ ആയത് അടിയന്തരമായി ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിലെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് 29.78 കോടി രൂപയുടെ സാമ്പത്തിക അനുമതി നൽകിയിട്ടുണ്ട്. കിഫ്ബി മുഖേന നടപ്പിലാക്കുന്ന ഈ പ്രവൃത്തിയുടെ കൺസൾട്ടന്റ് വാപ്കോസ് ആണ്. ഈ പദ്ധതിക്കുള്ള സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിച്ച് പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ വാപ്കോസ് സ്വീകരിച്ചുവരികയാണ്.

പരിയാരം ഗവൺമെന്റ് ആയുർവ്വേദ കോളേജ്

250 (1616) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിയാരം ഗവൺമെന്റ് ആയുർവ്വേദ കോളേജിൽ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് നടന്നുവരുന്ന പ്രവൃത്തികൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ?

1. പുതിയ ലേഡീസ് ഹോസ്റ്റൽ കെട്ടിടത്തിന്റെ ഒന്നാം നില നിർമ്മാണം പി.ഡബ്ല്യു.ഡി. സമർപ്പിച്ച 6.62 കോടി രൂപയുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 2019-20 വർഷം ലേഡീസ് ഹോസ്റ്റൽ കെട്ടിടത്തിന്റെ ഒന്നാം നില നിർമ്മിക്കുന്നതിന് 2 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതുപ്രകാരം കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയും സിവിൽ പ്രവൃത്തികൾ ഏതാണ്ട് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

2. ആശുപത്രി ഐ.പി. കെട്ടിടത്തിന് മുകളിൽ പേ വാർഡ് കെട്ടിട നിർമ്മാണം 2020-21 വർഷത്തെ പ്ലാൻ ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് ആശുപത്രി കെട്ടിടത്തിന് മുകളിൽ പേ വാർഡ് കെട്ടിടം നിർമ്മിക്കുന്നതിന് 1.92 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചത് പ്രകാരം പൊതുമരാമത്ത് കെട്ടിട വിഭാഗം മേൽനിർമ്മാണത്തിനുള്ള ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ ഉടൻതന്നെ ആരംഭിക്കുന്നതാണ്.

3. 'സി' ബ്ലോക്കിന് മുകളിൽ ട്രസ്റ്റ് റൂഫ് നിർമ്മാണം കോളേജിന്റെ 'സി' ബ്ലോക്കിന് മുകളിൽ ട്രസ്സ് റൂഫ് നിർമ്മിക്കുന്നതിന് 2020-21 സാമ്പത്തിക വർഷം 30 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചത് പ്രകാരം മേൽനിർമ്മാണ പ്രവൃത്തികൾ പി.ഡബ്ല്യു.ഡി. ആരംഭിച്ചിട്ടുണ്ട്.

4. ആനിമൽ ഹൗസ് കെട്ടിട നിർമ്മാണം കോളേജിനോടനുബന്ധിച്ച് ആനിമൽ ഹൗസ് കെട്ടിടം നിർമ്മിക്കുന്നതിന് 2020-21 വർഷം 26 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചതുപ്രകാരം മേൽ കെട്ടിടനിർമ്മാണത്തിനുള്ള ടെൻഡർ നടപടികൾ പി.ഡബ്ല്യു.ഡി. സ്വീകരിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ പൂർത്തികരിച്ച് ഉടൻതന്നെ നിർമ്മാണപ്രവൃത്തികൾ ആരംഭിക്കുന്നതാണ്.